RCS/3521/2023 PT(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 30-05-2023

സഹകരണ സംഘം രജിസ്ട്രാർ
തിരുവനന്തപുരം

ജോയിന്റ് രജിസ്ട്രാർ(ജനറൽ)
എല്ലാ ജില്ലകളും

സർ,

വിഷയം- സഹകരണ വകുപ്പ്-റോബർട്ട് ഓവൻ പുരസ്കാരം-2021-22 വർഷത്തെ അവാർഡ് നൽകുന്നത്- സംബന്ധിച്ച്.

******

സംസ്ഥാനത്ത് 2021-22 വർഷത്തിൽ സഹകരണ രംഗത്ത് മികച്ച സേവനം ൽകിയ സഹകാരിയ്ക്ക് അന്തർ ദേശീയ സഹകരണ ദിനത്തിൽ റോബർട്ട് ഓവൻ പുസ്കാരം നൽകുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

സംസ്ഥാന തലത്തിലോ, ദേശീയ തലത്തിലോ സഹകരണ പ്രസ്ഥാനത്തിന്റെ വികസനത്തിന് വ്യക്തിപരമായ സംഭാവന നൽകിയിട്ടുള്ളതും സംസ്ഥാന സഹകരണ പ്രസ്ഥാനത്തിൽ അറിയപ്പെടുന്ന വ്യക്തിയും സഹകരണ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും മികച്ച സേവനം അനുഷ്ഠിച്ചിട്ടുള്ള നിലവിൽ സജീവമായി പ്രവർത്തിക്കുന്ന സഹകാരിയോ, വിരമിച്ച സഹകാരിയോ ആയ വ്യക്തിയ്ക്കാണ് റോബർട്ട് ഓവൻ പുരസ്കാരം നൽകുന്നത്.

ടിയാനെ സംബന്ധിച്ച വിശദമായ ബയോഡേറ്റയും അദ്ദേഹം പ്രവർത്തിച്ചിരുന്ന മേഖലകൾ, വഹിച്ചിരുന്ന പദവികൾ, പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ, നേടിയ

പുരസ്കാരങ്ങൾ ഇവ സംബന്ധിച്ച് സമഗ്രമായ വിശദാംശങ്ങൾ അടങ്ങിയ വിവരങ്ങൾ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ശുപാർശ ചെയ്ത് അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെ ശുപാർശ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് 2023 ജൂൺ മാസം 15-ാംാം തീയതിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
അഡീഷണൽ രജിസ്ട്രാർ (ജനറൽ) [I/C]

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)